പാഠം 2

# യെരൂശലേമിൽനിന്ന് ബാബിലോണിലേക്ക്

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: 2 രാജാ. 21:10–16; ദാനി. 1; ഗലാ. 2:19,20; മത്താ. 16:24–26; 2 കൊരി. 4:17; യാക്കോ. 1:5.**

**മനഃപാഠവാക്യം: "ഈ നാലു ബാലന്മാർക്കോ ദൈവം സകലവിദ്യയിലും ജ്ഞാനത്തിലും നിപുണതയും സാമർത്ഥ്യവും കൊടുത്തു; ദാനിയേൽ സകല ദർശനങ്ങളെയും സ്വപ്നങ്ങളെയും സംബന്ധിച്ചു വിവേകി ആയിരുന്നു" (ദാനി. 1:17).**

വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ ബലഹീനതകളെ കാണിക്കുന്നതിൽ ബൈബിൾ ലജ്ജിക്കുന്നില്ല. ഉല്പത്തി 3 മുതൽ മാനുഷിക പാപാവസ്ഥയെയും അതിന്റെ ദുഃഖകരമായ അനന്തരഫലങ്ങളെയും പ്രാമുഖ്യത്തോടെ അതു പ്രദർശിപ്പിച്ചിട്ടുണ്ട്. ദൈവത്തോട് അത്യന്തം വലിയ വിശ്വസ്തത പ്രകടിപ്പിച്ചിരുന്നവരുടെ കാര്യങ്ങളും നാം കാണുന്നുണ്ട്. വലിയ പ്രോത്സാഹനങ്ങൾക്കു മുമ്പിലും അവർ മറ്റൊന്നും ആകാതെ വിശ്വസ്തർ മാത്രമായി നിന്നു. അത്തരം വിശ്വസ്തതയുടെ ഹൃദയം നീറുന്ന ചില ദൃഷ്ടാന്തങ്ങൾ നമ്മൾ ദാനിയേലിന്റെ പുസ്തകത്തിലാണ് കാണുന്നത്.

എന്നാലും ദാനിയേലിന്റെ പുസ്തകം പഠിക്കുമ്പോൾ യഥാർത്ഥ വീരകഥാപാത്രം ദൈവം തന്നെ ആണെന്നു നാം ഓർത്തിരിക്കണം. ദാനിയേലിന്റെയും കൂട്ടാളികളുടെയും വിശ്വസ്തതയെ സംബന്ധിച്ച കഥകൾ നമുക്കു പരിചിതമാണ്. അതുകൊണ്ടുതന്നെ ആ യുവാക്കളെ വഴി നയിക്കുകയും താങ്ങിനിർത്തുകയും ചെയ്ത ഒരുവന്റെ (ദൈവം) വിശ്വസ്തതയെ പുകഴ്ത്തുവാൻ നാം മറന്നെന്നു വരാം. ബാബിലോൺ സാമ്രാജ്യത്തിന്റെ അധികാരശക്തിയെയും പ്രലോഭനങ്ങളെയും നേരിട്ടപ്പോൾ അവരുടെ കരുത്ത് അങ്ങനെ ഉളവായതാണ്. സ്വന്തം രാജ്യത്തിലും സ്ഥലത്തും വിശ്വസ്തർ ആയിരിക്കുന്നതിനുപോലും മതിയായ വെല്ലുവിളിയാണ്. ഒരു വിദേശരാജ്യത്തിന്റെയും സംസ്കാരത്തിന്റെയും മതത്തിന്റെയും സമ്മർദ്ദം നേരിടുന്നതു തികച്ചും വ്യത്യസ്തമാണ്. പക്ഷേ, മാനുഷിക മുഖ്യകഥാപാത്രങ്ങൾ, അപ്പൊസ്തലനായ പൗലൊസിനെപ്പോലെ, 'ആരെയാണ്' (അവർ) വിശ്വസിച്ചിരുന്നത് (2 തിമൊ. 1:12) എന്നറിഞ്ഞു", അവനിൽ വിശ്വാസമർപ്പിച്ചുമാണ് വെല്ലുവിളികളെ നേരിട്ടത്.

---

*ഈ ആഴ്ചയിലെ പാഠം പഠിച്ച് ജനുവരി 11 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...*

## ദൈവത്തിന്റെ പരമാധികാരം

ദാനിയേലിന്റെ പുസ്തകം ആദ്യനോട്ടത്തിൽ പരാജയത്തിന്റെ ഒരു മ്ലാനമായ സൂചനയോടെ ആണ് തുടങ്ങുന്നത്. യെഹൂദാ നെബൂഖദ്നേസ്സറിനു കീഴടങ്ങുകയും വിശുദ്ധമന്ദിരത്തിലെ പാത്രങ്ങൾ യെരൂശലേമിൽനിന്നു ശിനാർ ദേശത്തേക്കു കൊണ്ടുപോകപ്പെടുകയും ചെയ്തിരുന്നു. 'ശിനാർ' എന്ന പദം ബൈബിളിൽ ഉല്പത്തി 11:2 ൽ കാണപ്പെടുന്നു - ബാബേൽ ഗോപുരത്തിന്റെ സ്ഥാനം. ദൈവത്തോടു തുറന്നു മത്സരിച്ച ഒരു പദ്ധതി എന്നവിധം ശിനാർ ഒരു ദുശ്ശകുനമായാണ് അറിയപ്പെടുന്നത്.

എന്നാലും, ദാനിയേൽ പ്രവചന പുസ്കത്തിന്റെ ആദ്യവരികൾതന്നെ, യെരൂശലേമിന്റെ പരാജയം ബാബിലോണിയൻ രാജാവിന്റെ അമിത ശക്തികൊണ്ടായിരുന്നില്ല. പിന്നെ യെഹൂദാരാജാവായ യഹോയാക്കീമിനെ യഹോവ അവന്റെ (നെബൂഖദ്നേസ്സർ) കൈയിൽ ഏല്പിച്ചതുകൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്നു വ്യക്തമാക്കുന്നു (ദാനി. 1:2). ദൈവജനം തന്നെ മറക്കുകയും ഉടമ്പടി ലംഘിക്കുകയും ചെയ്താൽ, അവരെ ഒരു അന്യദേശത്തിന് പ്രവാസികളായി അയയ്ക്കുമെന്നു ദൈവം വളരെ മുൻകൂട്ടി അറിയിച്ചിരുന്നു. ബാബിലോണിന്റെ സൈനികശക്തിക്കു പിന്നിലും അതിനപ്പുറവും, സ്വർഗ്ഗത്തിലെ ദൈവം ചരിത്രത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തെ നയിക്കുകയാണെന്ന് അതുകൊണ്ടുതന്നെ ദാനിയേൽ മനസ്സിലാക്കിയിരുന്നു. ദൈവത്തിന്റെ പരമാധികാരം സംബന്ധിച്ച വ്യക്തമായ ഈ കാഴ്ചപ്പാടാണ്, ഈ യുവാക്കളെ താങ്ങിനിർത്തിയതും, ബാബിലോണിയൻ സാമ്രാജ്യത്തിന്റെ പ്രലോഭനങ്ങളെയും സമ്മർദ്ദങ്ങളെയും നേരിടുവാൻ ഇവർക്കു കരുത്തു നൽകിയതും.

**2 രാജാക്കന്മാർ 21:10–16; 24:18–20; യിരെമ്യാവ് 3:13 വായിക്കുക. ദൈവം എന്തുകൊണ്ടാണു യെഹൂദയെയും യെരൂശലേമിനെയും ബാബിലോന്യരുടെ കൈകളിൽ ഏല്പിച്ചത്?**

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ വെല്ലുവിളികളെ നേരിടുന്ന വേളയിൽ, ദാനിയേലിന്റെ പുസ്തകത്തിൽ സ്പഷ്ടമായി പ്രതിഫലിപ്പിക്കപ്പെട്ടിരിക്കുന്ന ദൈവത്തെക്കുറിച്ചുള്ള അറിവ് നാം വീണ്ടെടുക്കണം. ഈ പുസ്തകം അനുസരിച്ച്, നാം സേവിക്കുന്ന ദൈവം ചരിത്രത്തിന്റെ ശക്തികളെ തന്റെ പരമാധികാരംകൊണ്ടു നയിക്കുക മാത്രമല്ല, ആവശ്യഘട്ടത്തിൽ നിർണ്ണായകസഹായം തന്റെ ജനങ്ങളുടെ ജീവിതങ്ങളിൽ നൽകപ്പെടേണ്ടതിനു കരുണയോടെ ഇടപെടുകയും ചെയ്യുന്നു. ദൈവം എബ്രായ യുവാക്കൾക്കുവേണ്ടി ചെയ്തതുപോലെ കാലാന്ത്യത്തിലെ ദൈവത്തിന്റെ ജനത്തിനുവേണ്ടിയും, അവരുടെമേലും അവരുടെ വിശ്വാസത്തിന്മേലും വിവിധങ്ങളായ ആക്രമണങ്ങൾ ഉണ്ടായാലും ചെയ്യുമെന്നു പിന്നീടു നമ്മൾ കണ്ടെത്തും.

**പുറമെ നിന്നോ, സഭയ്ക്കുള്ളിൽനിന്നോ, അല്ലെങ്കിൽ നിങ്ങളുടെ തന്നെ സ്വഭാവ വൈകല്യങ്ങളിൽനിന്നോ ഇപ്പോൾ നിങ്ങളുടെ വിശ്വാസം നേരിടുന്ന ചില വെല്ലുവിളികൾ എന്തൊക്കെയാണ്? നിങ്ങളുടെ മുമ്പിലുള്ള എത്തരം പ്രതിബന്ധങ്ങളെയും തരണം ചെയ്യാൻ ദൈവശക്തിയിൽ ആശ്രയിക്കുവാൻ എങ്ങനെ കഴിയും?**

## വിശ്വാസം സമ്മർദ്ദത്തിൻ കീഴിൽ

**ദാനിയേൽ 1 വായിക്കുക. അനുരൂപരാക്കുവാൻ എന്തെല്ലാം സമ്മർദ്ദങ്ങളെയാണ് ഈ ചെറുപ്പക്കാരിൽ പ്രയോഗിച്ചത്?**

ബാബിലോണിൽ എത്തിയതിനെ തുടർന്ന്, ഈ നാലു ചെറുപ്പക്കാർക്ക് അവരുടെ വിശ്വാസത്തിന്മേലും ധാരണകളിൻമേലും അത്യന്തം ഗുരുതരമായ വെല്ലുവിളികൾ നേരിടേണ്ടിവന്നു: രാജാവിനെ സേവിക്കുന്നതിലേക്കു പ്രത്യേക പരിശീലനത്തിനായി അവർ തിരഞ്ഞെടുക്കപ്പെട്ടു. രാജകൊട്ടാരത്തിൽ സേവ ചെയ്യേണ്ടതിനു, പുരാതന രാജാക്കന്മാർ അവരുടെ അടിമകൾ ആക്കപ്പെട്ടവരിൽനിന്നു ചിലരെ തിരഞ്ഞെടുക്കാറുണ്ടായിരുന്നു. രാജാവിനോടും അവരെ കീഴടക്കുവാൻ സഹായിച്ച ദേവന്മാരോടും കൂറുണ്ടാക്കുന്നതിനും മനഃപരിവർത്തനം ഉണ്ടാക്കി വിശ്വാസതത്വങ്ങളിൽ മാറ്റം വരുത്തുന്നതിനും ആണ് ഈ നടപടികൾ. കൂടാതെ എബ്രായ അടിമകളുടെ പേരുകൾ മാറ്റി. അപ്രകാരം, പേരു മാറ്റത്തിലൂടെ അവരുടെ മേൽ അധികാരം ഉറപ്പിക്കുന്നതിനും, ബാബിലോണിന്റെ മൂല്യങ്ങളെയും സംസ്കാരത്തെയും അവർ ഉൾക്കൊള്ളുന്നതിനെയുമാണ് ഉദ്ദേശിക്കപ്പെട്ടിരുന്നത്. അവരുടെ യഥാർത്ഥപേരുകൾ യിസ്രായേലിന്റെ ദൈവവുമായി ബന്ധപ്പെട്ടവ ആയിരുന്നു. മാറ്റിനൽകപ്പെട്ട പേരുകൾ ആകട്ടെ ബാബിലോന്യ ദേവന്മാർക്കു ബഹുമാനം നൽകുന്നവ ആയിരുന്നു. അതും കൂടാതെ ഇവർ രാജാവിന്റെ മേശയിൽനിന്നു ഭക്ഷിക്കുകകൂടി വേണമായിരുന്നു. രാജാവിന്റെ മേശയിൽനിന്നു ഭക്ഷിക്കുന്നതിനു പൗരാണിക കാലത്ത് ആഴമേറിയ അർത്ഥം ഉണ്ടായിരുന്നു. അതു രാജാവിനോടു വിഭജിക്കപ്പെടാത്ത യോജിപ്പുണ്ടെന്ന് അർത്ഥമാക്കുകയും രാജാവിലുള്ള ആശ്രയത്വം പ്രതിഫലിപ്പിക്കുകയും ചെയ്തിരുന്നു. ബാബിലോന്യ ദേവന്മാർക്ക് അർപ്പിച്ച ഭക്ഷണം കഴിക്കുന്നത് രാജാവിന്റെ ആരാധനാസമ്പ്രദായത്തെ അംഗീകരിക്കുന്നതിന് തുല്യമായിരുന്നു.

അപ്രകാരം ദാനിയേലും സുഹൃത്തുക്കളും വെല്ലുവിളികളുടെ സാഹചര്യങ്ങളിൽ ആയിരുന്നു. ദൈവത്തോടു വിശ്വസ്തർ ആയി ജീവിച്ചിരിക്കുന്നത് അത്യന്തം അധികരിച്ച സാമ്രാജ്യത്വ അധികാരത്തിൻ കീഴിൽ അവരെ സംബന്ധിച്ചു തികഞ്ഞ അതിശയംതന്നെ ആയിരുന്നു. കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണം ആകുവാൻ കാരണം ആകുമാറ്, ബാബിലോൺ നഗരം മാനുഷിക നേട്ടങ്ങളുടെ പ്രകടമായ ഒരു സ്മാരകമായി നിലകൊണ്ടു. ബാബിലോന്യ ക്ഷേത്രങ്ങളുടെ ശില്പഭംഗി, തൂക്കു തോട്ടങ്ങൾ, നഗരത്തിനുള്ളിൽ വളഞ്ഞുപുളഞ്ഞ് ഒഴുകുന്ന യൂഫ്രത്തീസ് നദി എന്നിവ അവഗണിക്കാനാകാത്ത കരുത്തിനെയും മഹത്വത്തെയും പ്രതിബിംബിക്കുന്നതായിരുന്നു. അങ്ങനെ ദാനിയേലിനും സ്നേഹിതർക്കും ഉയർച്ചയുണ്ടാക്കുന്നതിനും, ഈ ബൃഹത്തായ സംവിധാനങ്ങളുടെ പ്രയോജനങ്ങളും അഭിവൃദ്ധിയും ആസ്വദിക്കുന്നതിനും ഒരു അവസരം നൽകപ്പെട്ടു. എബ്രായ അടിമത്വം അവസാനിപ്പിച്ചു കൊട്ടാരത്തിന്റെ ഓഫീസർമാരാകുവാൻ അവർക്കു കഴിയുമായിരുന്നു. മഹത്വത്തിന്റെ എളുപ്പവഴിയിൽ അവർക്കു തങ്ങളുടെ തത്വങ്ങളുമായി ഒരു ഒത്തുതീർപ്പിനുള്ള അവസരം ആയിരുന്നു അത്.

**അവരുടെ വിശ്വാസധാരണകളുമായി ഒരു അനുരഞ്ജനത്തിനുള്ള ഏതെല്ലാം വഴികളെ അവർക്കു ചിന്തിക്കാമായിരുന്നു? ഏതെല്ലാം വിധങ്ങളിലാണു നിങ്ങൾ സമാനമോ കൂടുതൽ കർക്കശമോ ആയ വെല്ലുവിളികളെ നേരിടുന്നത്?**

## ദൃഢനിശ്ചയം

**ദാനിയേൽ 1:7-20 വായിക്കുക. ഏതു രണ്ടുഘടകങ്ങളാണ് ഇവിടെ പ്രവർത്തിക്കുന്നതായി നിങ്ങൾ കാണുന്നത്: ദാനിയേലിന്റെ സ്വതന്ത്ര ഇച്ഛയും ദൈവത്തിന്റെ ഇടപെടലും? ഏതൊക്കെ സുപ്രധാന തത്വങ്ങൾ ഇവിടെ കാണപ്പെടുന്നു?**

നാല് എബ്രായ അടിമകളും തങ്ങളുടെ ബാബിലോന്യ നാമങ്ങളെ എതിർത്തിട്ടില്ല. അവർ അധികമൊന്നും ചെയ്യുവാനും ഇല്ലായിരുന്നു. അവരുടെ ഇടയിൽ മാത്രം എബ്രായ പേരുകൾ ഉപയോഗിക്കാമായിരുന്നു. പക്ഷേ ഭക്ഷണവും വീഞ്ഞും സംബന്ധിച്ച് അവ കഴിക്കുകയോ കഴിക്കാതിരിക്കുകയോ എന്നതു നിശ്ചയമായും അവരുടെ അധികാരത്തിൽ ഉള്ളതായിരുന്നു. അങ്ങനെ, അവരുടെ ഇക്കാര്യത്തിലെ സ്വതന്ത്ര തിരഞ്ഞെടുപ്പു വളരെ പ്രധാനം ആയിരുന്നു.

എന്തായാലും ഒരു ഉദ്യോഗസ്ഥന് അവരുടെ പേരുകൾ മാറ്റാൻ കഴിഞ്ഞെങ്കിൽ ഭക്ഷണ ഘടകങ്ങളെ മാറ്റുവാനും കഴിയേണ്ടിയിരുന്നു. രാജാവിന്റെ മേശയിൽ നിന്നുള്ള ഭക്ഷണം നിരസിക്കുന്നതിനു നാലുപേർക്കു സാദ്ധ്യമായ രണ്ടു കാരണങ്ങൾ ഉണ്ടായിരുന്നു:

ഒന്ന്, ശുദ്ധമല്ലാത്ത മാംസം അതിൽ അടങ്ങിയിരിക്കാം (ലേവ്യ. 11). രണ്ട്, ഭക്ഷണം ആദ്യം ദേവ പ്രതിമക്ക് അർപ്പിച്ചിട്ടു രാജാവിനു ഭക്ഷിക്കുവാനായി പിന്നീട് എത്തിക്കുന്നു. അപ്രകാരം, ഒഴികഴിവോ വഞ്ചനയോ കൂടാതെ ദാനിയേൽ കാര്യം വ്യക്തമാക്കിയപ്പോൾ അവനു തന്റെ അപേക്ഷയ്ക്കു മതപരമായ ഒരു പ്രേരണ ഉണ്ടായിരുന്നു. അതായത്, കൊട്ടാരത്തിലെ ഭക്ഷണം അവനെയും അവന്റെ സ്നേഹിതരെയും അശുദ്ധരാക്കും (ദാനി. 1:8). ഇതു പറയുവാൻ അവൻ ധൈര്യം കാണിച്ചു.

ദാനിയേലും ബാബിലോന്യ മേലുദ്യോഗസ്ഥനും തമ്മിലുള്ള സംഭാഷണത്തിൽ പ്രധാനപ്പെട്ട ചില വസ്തുതകൾ പൊന്തി നിൽക്കുന്നു: ഒന്ന്, ഉദ്യോഗസ്ഥന്റെ വിഷമാവസ്ഥ മനസ്സിലാക്കിയ ദാനിയേൽ ഒരു പരീക്ഷണം നിർദ്ദേശിച്ചു. പത്തു ദിവസങ്ങൾ മാത്രം പകരം ഭക്ഷണം കഴിച്ചാൽ മതിയാകും ഭക്ഷണത്തിന്റെ ഗുണം അറിയുവാനും ഉദ്യോഗസ്ഥന്റെ ഭയങ്ങൾ നീങ്ങുവാനും. രണ്ട്, അപ്രകാരം ഒരു ചുരുങ്ങിയ കാലയളവിൽ പരിണിതഫലം തികച്ചും അനുകൂലം ആയിരിക്കും എന്ന ദാനിയേലിന്റെ ഉറപ്പു തികഞ്ഞ ദൈവവിശ്വാസത്തിൽനിന്ന് ഉണ്ടായതാണ്. മൂന്ന്, സസ്യങ്ങളും വെള്ളവും മാത്രം കൊണ്ടുള്ള ഒരു ഭക്ഷണക്രമം ദൈവം സൃഷ്ടിപ്പിൽ മനുഷ്യനു നൽകിയ ഭക്ഷണത്തെ ഓർമ്മപ്പെടുത്തുന്നു (ഉല്പ. 1:29). ദാനിയേലിന്റെ തിരഞ്ഞെടുപ്പിനെയും ഇതു സ്വാധീനിച്ചിട്ടുണ്ടാകും. സർവ്വോപരി, ദൈവം നമുക്കു ആദിയിൽ കല്പിച്ചുതന്ന ഭക്ഷണത്തെക്കാൾ മെച്ചമായി എന്താണുള്ളത്?

**ദൈവം അവർക്കുവേണ്ടി ചെയ്തതുപോലെ ചെയ്യുവാൻ ഇടവരുത്തിയ ദാനിയേലിന്റെ സ്വതന്ത്ര തീരുമാനത്തിന്റെ പ്രാധാന്യം എന്താണ്? (1:9). നമ്മുടെ തിരഞ്ഞെടുപ്പുകളുടെ പ്രാധാന്യം സംബന്ധിച്ച് എന്തു പാഠങ്ങൾ ഇവിടെ നമുക്കു സ്ഥീകരിക്കാനാകും? നമ്മുടെ ദൈവവിശ്വാസം നമ്മുടെ തീരുമാനങ്ങളെ എങ്ങനെ സ്വാധീനിക്കും?**

## കളങ്കമില്ലാത്തവരും വിവേകികളും

ദാനിയേലും സുഹൃത്തുക്കളും രാജസേവനത്തിനു തിരഞ്ഞെടുക്കപ്പെട്ടത് അവർ നെബൂഖദ്നേസ്സർ തയ്യാറാക്കിയ രൂപരേഖക്ക് അനുയോജ്യമായതുകൊണ്ടാണ്. രാജാവിനെ സംബന്ധിച്ചിടത്തോളം കൊട്ടാരം ഉദ്യോഗസ്ഥർ "കളങ്കമില്ലാത്തവരും, സുന്ദരന്മാരും" ആയിരിക്കണമായിരുന്നു (ദാനി. 1:4). താല്പര്യകരമായ കാര്യം, വിശുദ്ധമന്ദിരത്തിൽ അർപ്പിച്ചുവന്ന യാഗവസ്തുക്കളും അവിടെ സേവ ചെയ്തിരുന്നവരും "കളങ്കം" ഇല്ലാതിരിക്കണമായിരുന്നു (ലേവ്യർ 22:17 -25; 21:16-24). ബാബിലോനിയൻ രാജാവു സ്വയം യിസ്രായേലിന്റെ ദൈവത്തോടു താരതമ്യം ചെയ്യുന്നതായി കാണപ്പെടുന്നു. ആയതിനാലാണ് അദ്ദേഹം കൊട്ടാരത്തിൽ സേവ ചെയ്യുന്നവർക്കും ദൈവാലയത്തിലേതിനു തുല്യമായ യോഗ്യതകൾ വേണമെന്നു ശഠിച്ചത്. മറുവശത്ത് അത്തരം യോഗ്യതകൾ, അധികം ആലോചിക്കാതുള്ളതാണെങ്കിൽ, ദാനിയേലും സഹപൗരന്മാരും ബാബിലോന്യ വെല്ലുവിളികളെ നേരിടുന്നതിൽ ദൈവത്തിനു ജീവിക്കുന്ന യാഗങ്ങൾ ആയിരുന്നു.

**ഗലാത്യർ 2:19,20; മത്തായി 16:24-26; 2 കൊരിന്ത്യർ 4:17 വായിക്കുക. എന്തെല്ലാം പരീക്ഷകളെ നേരിടേണ്ടിവന്നാലും എങ്ങനെ വിശ്വസ്തർ ആയിരിക്കുവാൻ കഴിയുമെന്നാണ് ഈ വാക്യങ്ങൾ പറയുന്നത്?**

ദൈവം ഈ നാല് എബ്രായ അടിമകളുടെ വിശ്വസ്തതയെ മാനിച്ചു. പത്തുദിന പരീക്ഷണ സമയം കഴിഞ്ഞപ്പോൾ, രാജഭോജനം കഴിച്ചുവന്ന മറ്റുള്ളവരെക്കാൾ ഇവർ കൂടുതൽ ആരോഗ്യവും ശരീരപുഷ്ടിയും ഉള്ളവരായി കാണപ്പെട്ടു. ദൈവം അതുകൊണ്ടു തന്റെ നാലു ദാസന്മാർക്ക് "സകല വിദ്യയിലും ജ്ഞാനത്തിലും നിപുണതയും സാമർത്ഥ്യവും കൊടുത്തു"; ദാനിയേലിനു മാത്രം "സകല ദർശനങ്ങളെയും സ്വപ്നങ്ങളെയും സംബന്ധിച്ചു വിവേകവും നൽകി" (ദാനി. 1:17). ഈ വരദാനം ദാനിയേലിന്റെ പ്രവാചക ശുശ്രൂഷയിൽ നിർണ്ണായക പങ്കു നിർവ്വഹിച്ചു.

ദൈവം ബാബിലോനിയൻ കൊട്ടാരത്തിൽ തന്റെ ദാസന്മാരുടെ വിശ്വാസത്തെ മാനിച്ചതുപോലെ, ലോകത്തിന്റെ വെല്ലുവിളികളെ നേരിടുമ്പോൾ നമുക്കും ജ്ഞാനം നൽകും. ദാനിയേലിന്റെയും സ്നേഹിതരുടെയും അനുഭവങ്ങളിൽനിന്നും, നമ്മുടെ സമൂഹത്തിന്റെ വഷളത്വങ്ങൾകൊണ്ടുള്ള കളങ്കം പറ്റാതെ ജീവിക്കാൻ കഴിയുമെന്നു നമ്മെ പഠിപ്പിക്കുന്നു. ദൈവത്തെ സേവിക്കേണ്ടതിനു സമൂഹത്തിൽനിന്നും അതിന്റെ സംസ്കാരത്തിൽനിന്നും നാം വേറിട്ടു പോകേണ്ടതില്ലെന്നും അതിൽനിന്നു നാം പഠിക്കുന്നു. ദാനിയേലും സുഹൃത്തുക്കളും കളവും പിശകുകളും സങ്കല്പങ്ങളും കൊണ്ടു പണിയപ്പെട്ട ഒരു സംസ്കാരത്തിൽ ജീവിക്കുക മാത്രമല്ല, അവയിൽ പഠിപ്പിക്കപ്പെടുകകൂടി ചെയ്തു. എന്നിട്ടും അവർ വിശ്വസ്തർ ആയി നിലകൊണ്ടു.

**നമ്മൾ എവിടെ ജീവിച്ചിരുന്നാലും വിശ്വാസത്തിനു വിരുദ്ധമായ സാമൂഹിക, സാംസ്കാരിക വെല്ലുവിളികളെ നേരിടേണ്ടിവരും. നിങ്ങളുടെ സംസ്കാരത്തിലെ വിപരീത സ്വാധീനങ്ങളെ വേർതിരിച്ചറിഞ്ഞിട്ടു നിങ്ങളോടുതന്നെ ചോദിക്കുക: ഞാൻ എത്രമാത്രം നന്നായി അവയെ എതിർത്തു നിൽക്കുന്നു?**

## അവസാന പരീക്ഷ

ദാനിയേൽ 1:17-21 വായിക്കുക. നാലുപേരുടെ വിജയത്തിന്റെ താക്കോൽ എന്താ യിരുന്നു? (ഇയ്യോബ് 38:36; സദൃശവാക്യങ്ങൾ 2:6; യാക്കോ 1:5).

ബാബിലോണിയൻ "സർവ്വകലാശാല"യിലെ മൂന്നു വർഷ പരിശീലനത്തിനു ശേഷം അവസാന പരീക്ഷയ്ക്കായി നാല് എബ്രായരെയും നെബൂഖദ്നേസ്സറിന്റെ മുമ്പാകെ കൊണ്ടുവന്നു. അവർ മറ്റു വിദ്യാർത്ഥികളെക്കാൾ ആരോഗ്യമുള്ളവർ ആയി രുന്നു എന്നു മാത്രമല്ല, അറിവിലും വിവേകത്തിലും കൂടി മികച്ചവർ ആയിരുന്നു. അവർ നാലുപേരെയും വേഗം തന്നെ ജോലിക്കു നിയമിച്ചു. "ഈ ജ്ഞാനവും വിവേ കവും" ധാരാളം അജ്ഞാനമതകാര്യങ്ങൾ ഉൾപ്പെട്ടതാണെന്നു നാം മറക്കരുത്. എന്തായാലും അവർ അതു പഠിച്ചു. അവർ അവയെ വിശ്വസിച്ചില്ലെങ്കിലും നന്നായി പഠിച്ചെന്നു വ്യക്തമാണ്.

കൊട്ടാരത്തിലെ ഭക്ഷണവും പരിശീലനവും മൂലമാണ് ഈ വലിയ നേട്ടമെന്നു നെബൂഖദ്നേസ്സർ ചിന്തിച്ചിട്ടുണ്ടാകും. അവരുടെ അത്യന്തം മികച്ച പ്രകടനം ബാബി ലോനിയൻ പരിശീലനം നിമിത്തം അല്ലെന്ന് എന്തായാലും ദാനിയേലിനും കൂട്ടു കാർക്കും അറിയാം, കഥാവിവരണം വ്യക്തവുമാണ്.

അവയെല്ലാം ദൈവത്തിൽനിന്നു വന്നതാണ്. തന്നിൽ വിശ്വസിച്ച് ആശ്രയിക്കു ന്നവർക്കുവേണ്ടി ദൈവത്തിന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്നതിന്റെ ശക്തമായ ദൃഷ്ടാന്തം. ദൈവത്തിന്റെ മക്കൾ എന്നുള്ള നമ്മുടെ വ്യക്തിമുദ്രയെ നശിപ്പിക്കു വാൻ ശ്രമിക്കുന്ന മാധ്യമങ്ങളുടെയും സർക്കാരുകളുടെയും മറ്റു വ്യവസ്ഥിതികളു ടെയും ഭീഷണിയെ നാം ഭയപ്പെടരുത്. നാം നമ്മുടെ ദൈവത്തിൽ ആത്മവിശ്വാസം അർപ്പിച്ചുകൊണ്ട്, പ്രയാസഘട്ടങ്ങളിലും എല്ലാ പ്രതികൂലങ്ങളിലും സംരക്ഷിക്കു വാനും നിലനിർത്തുവാനും ദൈവത്തിനു കഴിയുമെന്നു നമുക്ക് ഉറപ്പോടെ വിശ്വ സിക്കാം. നമ്മുടെ വിശ്വാസത്തിനു ഭീഷണികൾ ഉയരുമ്പോൾ ശരിയായ തിരഞ്ഞെ ടുപ്പുകൾ ചെയ്യുക എന്നതാണു നമ്മുടെ വിജയത്തിന്റെ തക്കോൽ.

ദാനിയേൽ 1 ൽ നോക്കിക്കൊണ്ടു ദൈവത്തെക്കുറിച്ചു നാം സുപ്രധാനമായ ചില പാഠങ്ങൾ പഠിക്കുന്നു. (1) ദൈവം ആണ് ചരിത്രത്തെ നിയന്ത്രിക്കുന്നത്. (2) ദൈവം ജ്ഞാനം തരുന്നതുകൊണ്ടു നമ്മുടെ വിപരീതമായ സംസ്കാരത്തി ന്റെയും സമൂഹത്തിന്റെയും അന്തരീക്ഷത്തിൽ മുന്നേറുവാൻ കഴിയും. (3) ആന്തര ധാരണയിലൂടെയും ജീവിതരീതികളിലൂടെയും ദൈവത്തിൽ വിശ്വാസമർപ്പിക്കുന്ന വരെ ദൈവം മാനിക്കുന്നു.

"ദാനിയേൽ കോരെശ് രാജാവിന്റെ ആദ്യവർഷംവരെ ജീവിച്ചിരുന്നു" (1:21) എന്നു ചൂണ്ടിക്കാണിച്ചുകൊണ്ടാണ് അദ്ധ്യായം അവസാനിക്കുന്നത്. കോരെശ് ഇവിടെ പരാ മർശിക്കപ്പെടുന്നതു ശ്രദ്ധേയമാണ്: പ്രവാസാനുഭവത്തിന്റെ മദ്ധ്യേ പ്രത്യാശയുടെ ഒരു കിരണം ആണത്. ദൈവം തന്റെ ജനത്തെ വിടുവിക്കുവാനും യെരൂശലേമി ലേക്ക് അവരെ തിരിച്ചയയ്ക്കുന്നതിനും തിരഞ്ഞെടുത്തതു കോരെശിനെ ആയി രുന്നു. കീഴടക്കപ്പെടുന്നതിന്റെയും പ്രവാസത്തിന്റെയും ദുരനുഭവങ്ങളോടെയാണു തുടക്കമെങ്കിലും അദ്ധ്യായം അവസാനിക്കുന്നതു പ്രത്യാശയുടെയും ഭവനത്തിലേ ക്കുള്ള മടങ്ങിവരവിന്റെയും കിരണങ്ങളോടെയാണ്.

## കൂടുതൽ പഠനം:

"ദാനിയേലും സുഹൃത്തുക്കളും ചെറുപ്പത്തിൽ ബാബിലോൺ രാജ്യത്ത് ഈജിപ്തിൽ ജോസഫ് ആയിരുന്നതിനെക്കാൾ ഭാഗ്യശാലികൾ ആയിരുന്നതായി കാണപ്പെടുന്നു എങ്കിൽ സ്വഭാവ പരിശോധന കുറവില്ലായിരുന്നു. താരതമ്യേന ലളിതമായ തങ്ങളുടെ യെഹൂദ്യ ഭവനത്തിൽനിന്ന് ഈ രാജകുല യുവാക്കന്മാർ, നഗരങ്ങളിൽ ഏറ്റവും പ്രൗഢിയേറിയതിലേക്ക്, ഏറ്റവും വലിയ ചക്രവർത്തിയുടെ കൊട്ടാരത്തിലേക്കു പരമ പ്രധാനമായി ചക്രവർത്തിയുടെ പ്രത്യേക സേവനത്തിനായുള്ള പരിശീലനത്തിലേക്കാണു കൊണ്ടുപോകപ്പെട്ടത്. ആഡംബരമേറിയതും വഷളായതുമായ ആ കൊട്ടാര ചുറ്റുപാടുകളിൽ പരീക്ഷകൾ അതിശക്തമായിരുന്നു. യഹോവയുടെ ആരാധകർ ആയിരുന്നവർ ഇപ്പോൾ ബാബിലോണിയൻ അടിമകളായിരുന്നു; ദൈവാലയത്തിലെ പാത്രങ്ങൾ ബാബിലോണിലെ ക്ഷേത്രങ്ങളിൽ കൊണ്ടുപോകപ്പെട്ടു, യെഹൂദ രാജാവുതന്നെയും അടിമയായി, എന്നീ വസ്തുതകളൊക്കെ വിജയികൾ വളരെ വീമ്പോടുകൂടിയാണു കണ്ടത്. ഇതൊക്കെ യെഹൂദ്യരുടെ മതത്തെക്കാളും ആചാരങ്ങളെക്കാളും അവരുടെ മതവും ആചാരങ്ങളും ഏറെ ഉയർന്നതാണെന്നു കാണിക്കുവാൻ അവർ ഉയർത്തിക്കാണിച്ചു. അത്തരം സാഹചര്യങ്ങളിൽ, ദൈവകല്പനകളിൽ നിന്നുള്ള വിട്ടുപോക്കാണു യിസ്രായേല്യരുടെ തരംതാഴ്ത്തലിനു കാരണം ആയതെന്നും, ദൈവം ബാബിലോണിനു തന്റെ പരമാധികാരത്തിന്റെയും ആജ്ഞകളുടെ പരിശുദ്ധിയുടെയും അനുസരണത്തിന്റെ അനന്തര നന്മകളുടെയും തെളിവുകളാണെന്നും ദൈവം വെളിപ്പെടുത്തുന്നു. പ്രതിപത്തിയിൽ ഉറച്ചുനിന്നവരിലൂടെ, തനിക്കുമാത്രമേ അതിനു കഴിയൂ എന്നവിധം ദൈവം ഈ സാക്ഷ്യം നൽകി." Ellen G. White, Education, p. 54.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. **സാംസ്കാരികവും സാമൂഹ്യവുമായുള്ള വെല്ലുവിളികളോടു സഭയ്ക്ക് ആകമാനമായി എങ്ങനെ പ്രതികരിക്കാൻ കഴിയും?**
2. **ബാബിലോണിയക്കാർ കീഴ്പ്പെടുത്തിയ സ്ഥിതിയിൽ ബാബിലോന്യ ദേവന്മാർ കൂടുതൽ ശക്തരാണെന്നു തോന്നാവുന്ന സാഹചര്യത്തിൽ, തങ്ങളുടെ വിശ്വാസം ശരിയാണെന്നു കരുതുവാൻ സഹായകമായ എന്തെല്ലാം ബൈബിൾ സത്യങ്ങളാണു യുവാക്കൾ കണ്ടെത്തിയത്? (യിരെ. 5:19; 7:22-34 കാണുക).**
3. **നമുക്കും നമ്മുടെ വിശ്വസ്തത അറിയുന്ന അന്യർക്കും ദൈവത്തിന്റെ സ്വഭാവത്തിനു നാം സാക്ഷ്യം ആയിരിക്കേണ്ടത് എത്രമാത്രം പ്രധാനമാണ്?**